12992/2011/MVD

S.S.A Section

FAX

കേരള സർക്കാർ

സംഗ്രഹം

പബ്ളിക് സർവ്വീസസ് - നിയമനങ്ങൾ റെഗുലറൈസ് ചെയ്യുന്നത് സംബന്ധിച്ച് നടപടിക്രമങ്ങൾ - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പ്

സ.ഉ.(അച്ചടിച്ചത്) നം. 20/2011/ഉ.ഭ.പ.വ. തിരുവനന്തപുരം, തീയതി: 30.6.2011.

പരാമർശം:- 1) 14.12.2010ലെ സ.ഉ.(അ) നം.41/2010/ഉ.ഭ.പ.വ.
2) 6.6.2011ലെ സ.ഉ.(അ)നം.15/2011/ഉ.ഭ.പ.വ.

## ഉത്തരവ്

പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം, ഭാവിയിലുണ്ടാകുന്ന എല്ലാ പി.എസ്.സി. നിയമനങ്ങളിലും പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ടിനു പുറമെ പി.എസ്.സി.യുടെ വെരിഫിക്കേഷൻ റിപ്പോർട്ടും കൂടി വാങ്ങിയതിനു ശേഷമേ നിയമനങ്ങൾ റെഗുലറൈസ് ചെയ്യാവൂ എന്ന് എല്ലാ നിയമനാധികാരികളെയും ചുമതലപ്പെടുത്തിക്കൊണ്ടും ഇത് സംബന്ധിച്ച ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നതാണെന്നും സർക്കാർ ഉത്തരവായിരുന്നു. ഇതനുസരിച്ച് പരാമർശം 2 ലെ ഉത്തരവ് പ്രകാരം നിയമനങ്ങൾ റെഗുലറൈസ് ചെയ്യുന്നത് സംബന്ധിച്ച് ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2 എന്നാൽ പ്രസ്തുത ഉത്തരവിൽ കൂടുതൽ വ്യക്തത വരുത്തുന്നതിനായി ഉത്തരവിന്റെ രണ്ട്, മൂന്ന് എന്നീ ഖണ്ഡികകളിൽ താഴെപറയും പ്രകാരം ഭേദഗതി വരുത്തിക്കൊണ്ട് സർക്കാർ ഉത്തരവാകുന്നു.

3. ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ബന്ധപ്പെട്ട ചട്ടങ്ങളിൽ താഴെപറയുന്ന വ്യവസ്ഥകൾ ഉൾകൊള്ളിച്ചുകൊണ്ട് നടപടിക്രമങ്ങൾ പാലിക്കുന്നത് സംബന്ധിച്ച് നിർദ്ദേശം പുറപ്പെടുവിക്കുകയും ചെയ്യുന്നു.

(i) ഉദ്യോഗസ്ഥൻ സർവ്വീസിൽ പ്രവേശിക്കുന്ന സമയത്ത് അസിസ്റ്റന്റ് സർജനിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നൽകുന്ന മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റിൽ തന്റെ വിരലടയാളം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയ ഫോട്ടോ സഹിതം സമർപ്പിക്കേണ്ടതാണ്.

(ii) ഉദ്യോഗസ്ഥൻ സർവ്വീസിൽ പ്രവേശിച്ച് പരമാവധി ഒരാഴ്ചയ്ക്കകം സേവന പുസ്തകം തുറക്കേണ്ടതും, പ്രസ്തുത സേവന പുസ്തകത്തിലെ പേരും മേൽവിലാസവും വിരലടയാളവും ഒപ്പും പേഴ്സണൽ ഐഡന്റിഫിക്കേഷൻ മാർക്കും ഉൾപ്പെടുന്ന പുറങ്ങളുടെ പകർപ്പ് നിയമനാധികാരി സാക്ഷ്യപ്പെടുത്തി പബ്ളിക് സർവ്വീസ് കമ്മീഷന് അയക്കേണ്ടതുമാണ്.

(iii) ഉദ്യോഗസ്ഥനുമായി കൂടിക്കാഴ്ച നടത്തി ഫോട്ടോയും വിരലടയാളവും പ്രസ്തുത ഉദ്യോഗസ്ഥന്റേതാണെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തി വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് സഹിതം പബ്ളിക് സർവ്വീസ് കമ്മീഷൻ നിയമനാധികാരിക്ക് തിരിച്ച് അയയ്ക്കേണ്ട താണ്.

(iv) സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ സമയത്ത് പബ്ളിക് സർവ്വീസ് കമ്മീഷൻ ഉദ്യോഗാർത്ഥിയുടെ ബയോമെട്രിക് വിവരങ്ങൾ ശേഖരിക്കുകയും, പിന്നീട് ടിയാൻ സർവ്വീസിൽ പ്രവേശിക്കു മ്പോൾ സേവന പുസ്തകത്തിലെ ഫോട്ടോയും ഉദ്യോഗാർത്ഥി യേയും ബയോമെട്രിക് രീതി പ്രകാരം ഒത്തു നോക്കേണ്ടതുമാണ്.

4. ഇതു സംബന്ധിച്ച കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്തി പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. കൂടാതെ പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ട് ഉൾപ്പെടെ മേൽപ്പറഞ്ഞ വ്യവസ്ഥകൾ പി.എസ്.സി. മുഖേന നടത്തുന്ന ലാസ്റ്റ് ഗ്രേഡ് സർവ്വന്റ്സിന്റേതുൾപ്പെടെ എല്ലാ നിയമനങ്ങൾക്കും ബാധകമാക്കി ക്കൊണ്ട്, ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്തി പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

5. പരാമർശം 2ലെ ഉത്തരവ് മേൽപറഞ്ഞ ഭേദഗതികളോടെ നിലനിൽക്കു ന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
റ്റി.ജെ.മാത്യു
സെക്രട്ടറി

പകർപ്പ്:- എല്ലാ വകുപ്പു തലവൻമാർക്കും/ ഓഫീസ് മേലധികാരികൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും.
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും, സെക്ഷനുകൾക്കും.
സെക്രട്ടറി, കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്തു സഹിതം)
അക്കൗണ്ടന്റ് ജനറൽ (എ&ഇ),കേരളം, തിരുവനന്തപുരം (ആമുഖ കത്തു സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം (ആമുഖ കത്തു സഹിതം)
സെക്രട്ടറി, നിയമസഭ സെക്രട്ടേറിയറ്റ് (ആമുഖ കത്തു സഹിതം)
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പിന്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Endorsement No. A2/26297/TC/2010
Copy Communicated to All DTC/RTO, JRTOs for Strict Compliance.

for Transport Commissioner